HQ/16/2022/EXCISE

**കേരള എക്സൈസ് വകുപ്പ്**
**"മാതൃഭാഷ-മലയാളം"**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 05-09-2022
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632

**<u>സർക്കുലർ നം-HQ/16/2022/EXCISE</u>**

വിഷയം: പാറാവ് ഡ്യൂട്ടിയുടെ നിർവ്വഹണം - സംബന്ധിച്ച്

സൂചന: (1) സർക്കുലർ നമ്പർ: സി.എ/ഈ.സി-160/2018 തീയതി 18.12.2019
(2) കത്ത് നമ്പർ: File No. EXC/370/2019-XA6 തീയതി: 12.02.2019

പാറാവ് ഡ്യൂട്ടിയിലെ ഉദ്യോഗസ്ഥരുടെ അംഗസംഖ്യ , പാറാവു ഡ്യൂട്ടിയുടെ സമയം എന്നിവ സംബന്ധിച്ച ഉദ്യോഗസ്ഥർക്കിടയിൽ ചില സംശയങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. അവയുടെ നിവർത്തിക്കായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

എക്സൈസ് ഓഫീസുകളിലെ പ്രധാനപ്പെട്ട രേഖകൾ, വിവിധ കേസുകളിൽ ഉൾപ്പെട്ട തൊണ്ടി മുതലുകൾ, ഡിപ്പാർട്ട്മെന്റ് വക വാഹനങ്ങൾ, മറ്റ് സർക്കാർ മുതലുകൾ, കേസിൽ ഉൾപ്പെട്ട് അറസ്റ്റ് ചെയ്ത ഓഫീസിൽ സൂക്ഷിക്കുന്ന പ്രതികൾ എന്നിവകളുടെ സുരക്ഷിതത്വവും സൂക്ഷിപ്പും ബന്ധപ്പെട്ട ഓഫീസിന്റെ ഉത്തരവാദിത്വങ്ങളിൽ ഒന്നാണ്. അതുപോലെതന്നെ രാത്രി സമയത്ത് വകുപ്പിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട എന്തെങ്കിലും അത്യാവശ്യ സന്ദർഭങ്ങൾ ഉണ്ടാകുകയാണെങ്കിൽ അതിനുവേണ്ട നടപടികൾ ആരംഭിക്കാനും കൺട്രോൾ റൂം ഡ്യൂട്ടി, നൈറ്റ് പട്രോൾ ഡ്യൂട്ടി,സ്ട്രൈക്കിംഗ് ഫോഴ്സ് ഡ്യൂട്ടി എന്നിവയുമായി ചേർന്ന് പ്രസ്തുത ഉദ്യോഗസ്ഥർക്ക് ആവശ്യമെങ്കിൽ റെയിഞ്ച് ഓഫീസിന്റെ സഹായം ലഭ്യമാക്കാനും രാത്രികാലങ്ങളിൽ ഓഫീസുകളിൽ കൈകാര്യം ചെയ്യുന്ന ജി.ഡി.യുടെ ചുമതല നിർവഹിച്ചും, ഓഫീസ് ഫോണിൽവരുന്ന കാളുകൾ അറ്റൻഡ് ചെയ്തും ആവശ്യമായ ജി.ഡി. രേഖപ്പെടുത്തലുകൾ വരുത്തുവാനും തുടർ നടപടി ആവശ്യമെങ്കിൽ ഓഫീസ് മേലധികാരിയെ അറിയിക്കുവാനും ഇത്തരം ഒരു ക്രമീകരണം ആവശ്യമാണ്. ഈ ഉത്തരവാദിത്വങ്ങളുടെ നിർവഹണത്തിന്റെ ഭാഗമായാണ് എക്സൈസ് ഓഫീസുകളിൽ പാറാവ് ഡ്യൂട്ടി ഏർപ്പെടുത്തിയിട്ടുള്ളത്.

പാറാവ് ഡ്യൂട്ടിയിൽ 24 മണിക്കൂർ സമയത്തേക്ക് രണ്ടുപേരടങ്ങുന്ന ഒരു ടീമിനെ നിയമിക്കേണ്ടതാണ്. രാവിലെ 8 മണിക്ക് ആരംഭിക്കുന്ന ഒരു പാറാവ് ഡ്യൂട്ടി പിറ്റേന്ന് രാവിലെ 8 മണിക്കാണ് അവസാനിക്കുന്നത്. പാറാവ് ഡ്യൂട്ടിയിൽ കുറഞ്ഞത് രണ്ട് സിവിൽ എക്സൈസ്/വനിത സിവിൽ എക്സൈസ് ഓഫീസർമാർ ഉണ്ടായിരിക്കേണ്ടതാണ്. അത്യാവശ്യഘട്ടങ്ങളിൽ പാറാവിൽ കൂടുതൽ പേർ വേണമോയെന്ന് ഓഫീസിലെ ലഭ്യമായ ഉദ്യോഗസ്ഥരുടെ എണ്ണത്തെ ആശ്രയിച്ച് ഓഫീസ് മേലധികാരിക്ക് തീരുമാനിക്കാവുന്നതാണ്. പാറാവ് ഡ്യൂട്ടിയിൽ രാവിലെ 8 മണി മുതൽ രാത്രി 8 വരെയുള്ള സമയം 3 മണിക്കൂർ വീതമുള്ള 4 ഭാഗങ്ങളായും, രാത്രി 8 മണി മുതൽ പിറ്റേന്ന് രാവിലെ 8 വരെ 2 മണിക്കൂർ വീതമുള്ള 6 ഭാഗങ്ങളായും, 2 പേർ മാത്രമുള്ള പാറാവിൽ ഡ്യൂട്ടി ക്രമീകരിക്കേണ്ടതാണ്. 2 പേർ മാത്രമുള്ള പാറാവിൽ ഒരാൾ ശ്രദ്ധയോടെ പാറാവ് ഡ്യൂട്ടി നിർവഹിക്കുമ്പോൾ മറ്റേയാൾക്ക് പാറാവിനോട് ചേർന്നുള്ള വിശ്രമ മുറിയിൽ ആവശ്യമെങ്കിൽ വിശ്രമിക്കാവുന്നതാണ്.

വനിതാ ഉദ്യോഗസ്ഥരെ പാറാവു ഡ്യൂട്ടിയിൽ നിയമിക്കുന്ന അവസരത്തിൽ 2 വനിതാ

HQ/16/2022/EXCISE

ഉദ്യോഗസ്ഥർ രാത്രിയിൽ ലഭ്യമാകത്തക്ക വിധം നിയമിക്കേണ്ടതാണ്. പ്രതികൾ ആരെങ്കിലും കസ്റ്റഡിയിലുള്ള സാഹചര്യത്തിൽ വനിതകളെ 2 പേരെ മാത്രമായി രാത്രിയിൽ പാറാവു ഡ്യൂട്ടിയിൽ നിയമിക്കുവാൻ പാടുള്ളതല്ല. അത്തരം അവസരത്തിൽ ഓഫീസ് മേലധികാരി യുക്തമായ ക്രമീകരണം നടത്തേണ്ടതാണ്. പാറാവ് ഡ്യൂട്ടി മുഴുവൻ സമയവും യൂണിഫോമിൽ നിർവഹിക്കേണ്ടതാണ്.

S. AANANTHAKRISHNAN IPS

Signed by
S. Aananthakrishnan Ips
Date: 05-08-2022 17:39:38

എക്സൈസ് കമ്മീഷണർ

ഗ്രാഹകർ

1. അഡീഷണൽ എക്സൈസ് കമ്മീഷണർ(ഭരണം,എൻഫോഴ്സ്മെന്റ്)
2. വിജിലൻസ് ഓഫീസർ(എക്സൈസ്)
3. ജോയിന്റ് എക്സൈസ് കമ്മീഷണർ(എല്ലാം)
4. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ(എല്ലാം)
5. അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ(എല്ലാം)
6. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ(എല്ലാം)
7. എക്സൈസ് ഇൻസ്പെക്ടർ(എല്ലാം)